

# സുവർണ്ണ ജൂബിലി വർഷം

## 1966 - 2016

### സെന്റ് ഫ്രാൻസീസ് അസ്സീസ്സി ചർച്ച്

### കാക്കനാട്

# സുവർണ്ണ ജൂബിലി വർഷ പ്രാർത്ഥന

സകലത്തേയും പരിപാലിക്കുന്ന സർവ്വശക്തനായ ദൈവമേ, കഴിഞ്ഞ 50 വർഷക്കാലം ഞങ്ങളുടെ ഇടവകയുടെയും കുടുംബങ്ങളുടെയുംമേൽ വർഷിച്ചിട്ടുള്ള അനുഗ്രഹങ്ങളെയോർത്ത് ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. മുന്തിരിച്ചെടിയും ശാഖകളുമെന്നപോലെ ഞങ്ങളുടെ ഇടവകയേയും കുടുംബങ്ങളേയും യോജിപ്പിലും സമാധാനത്തിലും നിലനിറുത്തേണമേ. ഈശോയെ, അങ്ങ് പന്ത്രണ്ടു ശ്ലീഹന്മാരെ ചുമതലപ്പെടുത്തി അയച്ചതുപോല ഞങ്ങളുടെ ഇടവകയെ നയിക്കുന്നതിന് ഞങ്ങൾക്ക് നൽകിയ എല്ലാ വൈദീകരേയും സന്യാസിനീ സന്യാസിമാരെയും സമർപ്പിച്ച് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ ഓരോ കുടുംബത്തിനും അങ്ങു നൽകിയിട്ടുള്ള നേട്ടങ്ങൾക്കും വളർച്ചയ്ക്കും ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. ഞങ്ങളുടെ ഇടവകസമൂഹത്തിൽ പ്രായാധിക്യത്താൽ വിഷമിക്കുന്നവരേയും, രോഗികളേയും, ഭാര്യാഭർത്താക്കന്മാരെയും, ജീവിതപങ്കാളിയെ കാത്തിരിക്കുന്നവരേയും, ഗർഭിണികളേയും, യുവതീയുവാക്കന്മാരേയും, കുട്ടികളേയും, ശിശുക്കളേയും ഞങ്ങൾ അങ്ങയുടെ കരങ്ങളിൽ സമർപ്പിക്കുന്നു. ഞങ്ങളുടെ ഇടവക കൂട്ടായ്മയിൽനിന്നും മരണം മൂലം അങ്ങയുടെ സന്നിധിയിൽ ആയിരിക്കുന്ന എല്ലാവരേയും ഞങ്ങൾ ഓർക്കുന്നു. സന്തോഷത്തിലൂടെയും വിഷമസന്ധികളിലൂടെയും കടന്നുപോകുമ്പോൾ അങ്ങ് ഞങ്ങൾക്ക് ശക്തിപകരണമേ. ഞങ്ങളുടെ കുടുംബങ്ങളെ ദൈവത്തിന്റെ ആലയങ്ങളാക്കി മാറ്റണമേ.

നല്ല ഇടയനായ ഈശോ, അങ്ങു സ്ഥാപിച്ച സഭയുടെ പ്രാദേശിക ഘടകമായ ഞങ്ങളുടെ ഈ ഇടവകയേയും, ഈ പ്രദേശത്തെയും അങ്ങുന്ന് ആശീർവ്വദിക്കണമേ. പീഠത്തിൽ തെളിച്ചുവച്ചിരിക്കുന്ന ഒരു ദീപം പോലെ ഞങ്ങളുടെ ഇടവക പ്രകാശം ചൊരിയട്ടെ. വി. ഫ്രാൻസീസ് അസ്സീസ്സിയോടു ചേർന്ന് ഞങ്ങളും പ്രാർത്ഥിക്കുന്നു: 'ഞങ്ങളെ സമാധാനത്തിന്റെ ഉപകരണങ്ങളാക്കണമേ. ആശ്വസിപ്പിക്കപ്പെടുന്നതിനേക്കാൾ ആശ്വസിപ്പിക്കാനും; മനസ്സിലാക്കപ്പെടുന്നതിനേക്കാൾ മനസ്സിലാക്കാനും; സ്നേഹിക്കപ്പെടുന്നതിനേക്കാൾ സ്നേഹിക്കാനും; ലഭിക്കുന്നതിനേക്കാൾ കൊടുക്കാനും വേണ്ട മനസ്സ് ഞങ്ങൾക്ക് ഓരോരുത്തർക്കും നൽകണമേ.'

നല്ല ദൈവമേ, ഈ സുവർണ്ണ ജൂബിലിവർഷം ഞങ്ങൾക്ക് പുതിയ ഉൾക്കാഴ്ചയുടെ വർഷമാക്കി മാറ്റണമേ. ഞങ്ങളെ മാനസാന്തരത്തിന്റെ അരൂപിയാൽ നിറയ്ക്കണമേ. ദൈവത്തോടും പ്രകൃതിയോടും സമൂഹത്തോടും, സഹോദരങ്ങളോടും നന്ദിയും കരുണയുമുള്ളവരായി വർത്തിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും - ആമ്മേൻ.

*വി. ഫ്രാൻസീസ് അസ്സീസ്സിയെ – ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.*